809.5 798

വേലുത്തമ്പിദളവാ

ഗ്രന്ഥകർത്താവ്

ആനന്ദക്കുട്ടൻ എം. എ.

★

Approved for School Libraries—Vide D. P. I's order No. L Dis 18286/56/ A 13 dated 24-10-1956

വിദ്യോദയപ്രസിദ്ധീകരണം

സ്റ്റാൻഡാർഡ് VI പുസ്തകം 1

I.S. 798
809

വേലുത്തമ്പി ദളവ

ആനന്ദക്കുട്ടൻ എം. എ.

ലെക്ചറർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

★

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

തിരുവനന്തപുരം

വില 6 അണ

VELUTHAMPI DALAVA

(BIOGRAPHY)

Anandakkuttan M. A.

First Impression : June 1956
Second Impression: November 1956

Publishers

VIDYODAYA PUBLICATIONS

CARMEL ROAD; : VAZHUTHACAUD

TRIVANDRUM.

Price As. 6

വിദ്യോദയ പ്രസിദ്ധീകരണങ്ങൾ

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE

സ്റ്റാൻഡാർഡ് VI

(1) വേലുത്തമ്പിദളവാ .... [വിദ്യാഭ്യാസം]
(2) മുടിയനായ പുത്രൻ ... [ലഘുകാവ്യം]
(3) ചിത ... ... [സംഭാഷണാനം]
(4) വിമാനത്തിന്റെ കഥ .... [ശാസ്ത്രം]
(5) ധർമ്മരശ്മി... .... [ജീവചരിത്രം]

സ്റ്റാൻഡാർഡ് VII

(1) ശ്രീനാരായണഗുരു .... [ജീവചരിത്രം]
(2) റേഡിയോ .... [ശാസ്ത്രം]
(3) സഹപാഠികൾ .... [ഗാനനാടകം]
(4) അവർ ഇന്നും ജീവിക്കുന്നു .... [ജീവചരിത്രസമാഹാരം]
(5) നമ്മുടെ ആഘോഷങ്ങൾ ... [സാമൂഹ്യചരിത്രം]

സ്റ്റാൻഡാർഡ് VIII

(1) ആകാശജേതാക്കൾ ... [സഞ്ചാരപരീക്ഷണങ്ങൾ]
(2) സിനിമാ ... ... [ശാസ്ത്രം]
(3) ജ്ഞാനപ്പാന .... [ഹിതോപദേശം]
(4) തിലോത്തമ (ഒന്നാംഭാഗം)
[ഭാഗതീയാഖ്യായികാസംഗ്രഹം]
(5) തിലോത്തമ (രണ്ടാംഭാഗം)
[ഭാഗതീയാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് IX

(1) ബാപ്പുജി ... ... [ജീവചരിത്രം]
(2) ശരീരമാദ്യം .... [ശരീരശാസ്ത്രം]
(3) ബിന്ദുക്കൾ ... . [ശ്ലോകസമാഹാരം]
(4) ഇൻഡ്യ മുന്നോട്ട് (ഒന്നാംഭാഗം) [രാജ്യചരിത്രം]
(5) ഇൻഡ്യ മുന്നോട്ട് (രണ്ടാംഭാഗം) [രാജ്യചരിത്രം]

സ്റ്റാൻഡാർഡ് X

(1) ചെങ്കോലും മരവുരിയും .... [നാടകം]
(2) സമ്പൂർണ്ണജീവിതം .... [ജീവചരിത്രം]
(3) ഭാവദർപ്പണം ... ... [കവിതാസമാഹാരം]
(4) ഇരുളും വെളിച്ചവും (ഒന്നാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]
(5) ഇരുളും വെളിച്ചവും (രണ്ടാംഭാഗം)
[പാശ്ചാത്യാഖ്യായികാസംഗ്രഹം]

സ്റ്റാൻഡാർഡ് XI

(1) മൗലികാവകാശങ്ങൾ ... [രാഷ്ട്രീയകാര്യം]
(2) സീതാപരിത്യാഗം .... [കവിതാസംഗ്രഹം]
(3) കൈരളിയുടെകഥ—ഒന്നാംഭാഗം
(4) കൈരളിയുടെകഥ—രണ്ടാംഭാഗം
(5) കൈരളിയുടെകഥ—മൂന്നാംഭാഗം
} (സാഹിത്യചരിത്രം)

ഈ ഗ്രന്ഥപരമ്പരയെപ്പറ്റി

അപ്പർ പ്രൈമറി സ്കൂളിലേയും സെക്കൻഡറി സ്കൂളിലേയും വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് ഞങ്ങൾ ഈ ഗ്രന്ഥപരമ്പര തയാറാക്കിയിട്ടുള്ളത്. ഓരോ ക്ലാസ്സിലേയും മാതൃഭാഷാധ്യയനത്തിനു് നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളിൽ കൂടികൂടി പരിചയിക്കുന്ന പദങ്ങളേയും പ്രയോഗങ്ങളേയും ശൈലികളേയും അവരുടെ മനസ്സിൽ കൂടുതൽ ദൃഢമായി പ്രതിഷ്ഠിക്കുന്നതിനും ബഹുമുഖമായ വിജ്ഞാനം അവർക്കു് നൽകുന്നതിനും ഉപകരിക്കത്തക്കവിധം ഈ ഗ്രന്ഥങ്ങളിലെ പ്രതിപാദ്യങ്ങളും പ്രതിപാദനരീതിയും ക്രമപ്പെടുത്തി സംവിധാനം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികളുടെ മാനസികവും ഭാഷാവിജ്ഞാനപരവുമായ നിലവാരത്തിനൊപ്പിച്ചാണ് അതാതു ക്ലാസ്സിലേയ്ക്കു് പുസ്തകങ്ങൾ നിർമ്മിച്ചിട്ടുള്ളതു്. മുൻക്ലാസ്സുകളിലെ പുസ്തകങ്ങളിലുള്ള പദങ്ങളും രചനാശൈലികളും വേണ്ടിടത്തോളം അടുത്ത ക്ലാസ്സുകളിലെ ഗ്രന്ഥങ്ങളിൽ ആവർത്തിക്കുക, ഓരോ ക്ലാസ്സിലുമുള്ള വിദ്യാർത്ഥികൾക്കു് പുതിയ വാക്കുകളും നൂതനശൈലികളും മനസ്സിലാക്കാൻ അവസരം നൽകുക, മലയാള സാഹിത്യത്തിലെ സുപ്രധാനവും മനോഹരവുമായ കവിതകളോടും അവയുടെ കർത്താക്കന്മാരോടും സമ്പർക്കം പുലർത്താൻ കുട്ടികളെ സഹായിക്കുക, ഗാനനാടകം, ഗദ്യനാടകം, ഒറ്റശ്ലോകം, ഭാഷാഗാനം, ജീവചരിത്രം, ദേശചരിത്രം, നോവൽ, സഞ്ചാരകഥ, ശാസ്ത്രം, സാമാന്യവിജ്ഞാനം, തുടങ്ങിയ വിവിധവിഷയങ്ങളിൽ ബാലികാബാലന്മാർക്കു കൗതുകം ഉളവാക്കുക, എന്നിവയാണ് ഈ ഗ്രന്ഥപരമ്പരയുടെ മുഖ്യലക്ഷ്യങ്ങൾ. ഇക്കാര്യത്തിൽ ഞങ്ങൾ എത്രമാത്രം വിജയിച്ചിട്ടുണ്ടെന്നു നിശ്ചയിക്കേണ്ടതു് ഇന്നാട്ടിലെ അധ്യാപകസമൂഹത്തിലെ വിദ്യാഭ്യാസ വിചക്ഷണന്മാരുമാണ്.

പ്രസാധകർ { അംശി പി. ശ്രീധരൻനായർ
എൻ. കൃഷ്ണപിള്ള
വി. ആനന്ദക്കുട്ടൻനായർ

ഈ ഗ്രന്ഥത്തെപ്പറ്റി

ബ്രിട്ടീഷുകാരെ ഒറ്റയ്ക്ക് എതിർത്ത കേരളീയരായ പഴശ്ശി രാജായുടേയും വേലുത്തമ്പിയുടേയും വീരചരിതങ്ങൾ നമുക്ക് അഭിമാനകരമാണ്. വേലുത്തമ്പിയുടെ ഒരു ലഘുജീവചരിത്രമാണ് ഈ പുസ്തകം. അദ്ദേഹത്തെക്കുറിച്ചുള്ള ചരിത്രരേഖകൾ കിട്ടാവുന്നതെല്ലാം പരിശോധിച്ച്, പ്രധാനമായ സംഭവങ്ങൾ തിരഞ്ഞെടുത്ത്, കുട്ടികൾക്ക് രസിക്കുന്ന രീതിയിൽ എഴുതാൻ ശ്രമിച്ചിട്ടുണ്ട്.

വേലുത്തമ്പിയുടെ കണ്ടറ വിളംബരം ഇതിൽ ചേർത്തിട്ടില്ല. അതു് പ്രത്യേകം പഠിക്കേണ്ട ഒരു ചരിത്ര രേഖയാണ്.

(*All Rights Reserved*)

വേലുത്തമ്പിദളവാ

അദ്ധ്യായം ഒന്നു്

കള്ളം തെളിച്ചതിനു സമ്മാനം

ശ്രീ വീരമാത്താണ്ഡവമ്മയ്ക്കുശേഷം തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്നതു് കാത്തിക തിരുനാൾ രാമവമ്മ ആണു്. അദ്ദേഹത്തെ ജനങ്ങൾ 'ധർമ്മരാജാ' എന്നു വിളിച്ചുവന്നു. ധർമ്മരാജാ മികച്ച ഈശ്വരഭക്തനായിരുന്നു. അദ്ദേഹം ഒരിക്കൽ രാമേശ്വരത്തിനു തീർത്ഥയാത്ര പോയി. അകമ്പടിക്കാരായി വളരെപ്പേർ ഉണ്ടായിരുന്നു. രാജാവും [1] പരിവാരങ്ങളും നാഗർകോവിലിൽ എത്തി. അവിടെ വച്ചു് ഒരു സംഭവമുണ്ടായി. രാജാവിന്റെ ഏതാനും ആഭരണങ്ങൾ ആരോ മോഷ്ടിച്ചു. രാജസേവകന്മാർ പലരും കള്ളനെ പിടിക്കുടാൻ പണിപ്പെട്ടു. ഒരു ഫലവും ഉണ്ടായില്ല. ഇനി എന്തു വേണ്ടു എന്നായി.

---

1. പരിവാരങ്ങൾ = അകമ്പടിക്കാർ

തലക്കുളത്തു വലിയ വീട്ടിലെ വേലുത്തമ്പി കള്ളംതെളിയിക്കാൻ വിരുതനാണെന്നു് ചിലർ പറഞ്ഞു. അതു രാജാവു് അറിഞ്ഞു. രാജാവു് വേലുത്തമ്പിയെ വരുത്തി കള്ളം തെളിയിക്കാൻ ചുമതലപ്പെടുത്തി. മൂന്നു ദിവസത്തിനകം തമ്പി രാജസന്നിധിയിൽ എത്തി. കളവു പോയ ആഭരണങ്ങളുണ്ടു്; ആഭരണം മോഷ്ടിച്ച മറവന്മാരേയും കൊണ്ടുവന്നിട്ടുണ്ടു്; രാജാവിനു സന്തോഷമായി. തമ്പിയുടെ മിടുക്കു് ബോധ്യമാവുകയും ചെയ്തു. തമ്പിയെ കൽക്കുളം കാര്യക്കാരായിനിയമിച്ചു [1] നീട്ടുകൊടുത്തതിനു ശേഷമാണു് രാജാവു രാമേശ്വരത്തേയ്ക്കു യാത്രതുടർന്നതു്.

പിൽക്കാലത്തു് വേലുത്തമ്പി ദളവാ ആയിത്തീർന്നതു് ഈ വേലുത്തമ്പി ആയിരുന്നു. തെക്കൻ തിരുവിതാംകൂറിൽ ഇരണിയലിനു തൊട്ടടുത്തു് തലക്കുളം എന്നൊരു ദേശമുണ്ടു്. അവിടെ വലിയവീട്ടു് എന്നു പേരുള്ള നായർ ഭവനത്തിലാണു് വേലുത്തമ്പി ജനിച്ചതു്. അദ്ദേഹത്തിന്റെ ജനനം കൊല്ലവർഷം തൊള്ളായിരത്തിനാല്പതു് മേടമാസം ഇരുപത്തിമൂന്നാംതീയതി ആണു്. തമ്പിയുടെ ബാല്യത്തിൽ തന്നെ അച്ഛനും അമ്മയും മരിച്ചു. അക്കാലത്തെ രീതിയിൽ വേലുത്തമ്പി വിദ്യ അഭ്യസിച്ചു. [2] പയറ്റു മുറകളിൽ തമ്പിക്കു് നല്ല

---

1. നീട്ടു് = രാജാവു നൽകുന്ന ഉത്തരവു്.
2. പയറ്റു് = യുദ്ധം, പയറ്റുമുറ = യുദ്ധസമ്പ്രദായം

[1] പാടവം ഉണ്ടായിരുന്നു. കുതിരസ്സവാരിയും വശമാക്കി യിരുന്നു. ചെറുപ്പത്തിൽതന്നെ വേലുത്തമ്പിയുടെ ശരീര ബലം ആ ദിക്കിൽ പ്രസിദ്ധമായിരുന്നു. സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള കണ്ണുകളും, നെടിയ ഉടലും, ഉറപ്പും [2] ഊറ്റവും ഉള്ള അവയവങ്ങളും വേലുത്തമ്പി യുടെ പ്രത്യേകതകളായിരുന്നു. ധൈര്യവും [3] സാഹസ ബുദ്ധിയും കൊണ്ടു് തമ്പി അന്നാട്ടുകാരെ അത്ഭുത പ്പെടുത്തി. ആ പ്രദേശങ്ങളിൽ അപ്പോഴപ്പോഴുണ്ടാകുന്ന വഴക്കുകൾ പറഞ്ഞവസാനിപ്പിക്കുവാൻ വേലുത്തമ്പി വേണമെന്നായി. ഇങ്ങനെ ഒരു നാട്ടുപ്രമാണിയായി അദ്ദേഹം കാലം നയിച്ചു. അക്കാലത്താണു് ധർമ്മരാജാ വിന്റെ ആഭരണങ്ങൾ കളവുപോയതു്. കള്ളം തെളി ച്ചതിനു സമ്മാനമായി ഉദ്യോഗം കിട്ടിയതോ. ആ ഉദ്യോ ഗത്തിൽനിന്നു് പടി പടിയായി ഉയർന്നു് അദ്ദേഹം തിരു വിതാംകൂറിലെ ദിവാൻ ആയിത്തീർന്നു.

വേലുത്തമ്പി ദിവാൻ എന്നതിനെക്കാൾ ദളവാ എന്ന പേർ ഇഷ്ടപ്പെട്ടിരുന്നു. അതുകൊണ്ടാണു് ജന

---

1. പാടവം = സാമർത്ഥ്യം
2. ഊറ്റം = ശക്തി
3. സാഹസബുദ്ധി = ആപത്തിനെ ഭയപ്പെടാതെ പ്രവർത്തിക്കാനുള്ള വാസന.

ങ്ങൾ അദ്ദേഹത്തെ വേലുത്തമ്പി ദളവാ എന്നു വിളിച്ചു വന്നതു്. അദ്ദേഹം ഇംഗ്ലീഷുകാരോടു പടവെട്ടി. ദള വായുടെ സൈന്യങ്ങൾ തോറ്റു. ശത്രുക്കളുടെ കൈയിൽ അകപ്പെട്ടതു് അവമാനമാണെന്നു് ആ ദേശാഭിമാനി ക്കുതോന്നി. അദ്ദേഹം തന്നത്താൻ കഠാര നെഞ്ചിലി റക്കി മരണം വരിച്ചു. എന്നിട്ടും ഇംഗ്ലീഷുകാർ വേലു ത്തമ്പിയുടെ ശരീരം കഴുമരത്തിൽ കെട്ടിത്തൂക്കി. ആ ദേഹം കാക്കയ്ക്കും കഴുകനും ഭക്ഷണമായി.

ഈ ക്രൂരമായ ശിക്ഷയ്ക്കു കാരണം എന്താണെന്നോ? പറയാം. വേലുത്തമ്പി ഇംഗ്ലീഷുകാരെ എതിർത്തു. അവരെ ഈ നാട്ടിൽനിന്നു് [1] തുരത്തുവാൻ ശ്രമിച്ചു. ജീവ നുള്ള കാലം അടിമയാവുകയില്ല എന്നു നിശ്ചയിച്ചു.

അതൊരു വീരകഥയാണു്. കേട്ടാൽ രോമാഞ്ച മുണ്ടാകുന്ന കഥ!

1. സ്വന്തം വാചകത്തിൽ ഉപയോഗിക്കുക:—
പരിവാരങ്ങൾ, പയറ്റുമുറ, ഊറ്റം, സാഹസബുദ്ധി
പാഴ്വേല, തുരത്തുക.
2. വേലുത്തമ്പി കാര്യക്കാരായതു് എങ്ങനെ?
3. വേലുത്തമ്പിയുടെ ബാല്യത്തെപ്പറ്റി ചുരുക്കി എഴുതുക

---

1. തുരത്തുക = പായിക്കുക,

അധ്യായം രണ്ട്

നമ്പൂതിരിക്കു് യാത്ര അയപ്പു്

വേലുത്തമ്പി കൽക്കുളം താലൂക്കിലെ കാര്യക്കാരായിരുന്നു. അക്കാലത്തു് ധർമ്മരാജാവു് [1]അന്തരിച്ചു. പിന്നീടു് രാജ്യം ഭരിച്ചതു് ബാലരാമവർമ്മ എന്ന പേരായ രാജാവായിരുന്നു. അദ്ദേഹം സേവകന്മാരെ അധികം വിശ്വസിച്ചു. രാജ്യം ഭരിക്കാനുള്ള [2]ത്രാണി കുറവായിരുന്നതാണും. ബാലരാമവർമ്മയുടെ ഈ സ്വഭാവം മനസ്സിലാക്കിയ ചിലർ അദ്ദേഹത്തോടു് അടുത്തുകൂടി. അക്കൂട്ടരിൽ പ്രധാനി ജയന്തൻ ശങ്കരൻ നമ്പൂതിരി ആയിരുന്നു. നമ്പൂതിരിയുടെ നാണംകെട്ടു് രാജാവു് അബദ്ധങ്ങൾ പലതും കാണിച്ചു. രാജ്യസ്നേഹി ആയിരുന്ന രാജാകേശവദാസൻ എന്ന മന്ത്രിയെ രാജകല്പന അനുസരിച്ചു് തടവിലാക്കി. അദ്ദേഹം തടവിൽ കിടന്നു തന്നെ മരിക്കുകയും ചെയ്തു.

---

1 അന്തരിച്ചു=മരിച്ചു.

2 ത്രാണി=ശേഷി

പീന്നീട് ജയന്തൻ ശങ്കരൻ നമ്പൂതിരി തിരുവി താംക്കൂറിലെ ദിവാനായി. നമ്പൂതിരിക്കു രാജ്യഭരണം എന്തെന്നു പോലും അറിഞ്ഞുകൂടായിരുന്നു. ദിവാനെ സഹായിക്കാൻ തെക്കുനിന്നു ശങ്കരനാരായണൻചെട്ടിയും, വടക്കുനിന്നു മാത്തുതരകനും കൂട്ടുചേന്നു. ഈ സഹായിക ളാകട്ടെ, [1] തൻകാര്യക്കാരും, [2] താന്തോന്നികളും ആയി രുന്നു. മൂവരുംചേന്നു ഭരണം തുടങ്ങി. നാട്ടിൽ കൊള്ള മുഴുത്തു. സക്കാരിലേക്കു മുതൽ വരവു [3] നിലച്ചു. ഇനി എന്തുവഴി എന്നു അവർ ആലോചനയായി. ഒരു ബുദ്ധി തോന്നി. നാട്ടിൽ പ്രമാണികളായിട്ടുള്ള ആളു കളെ ഭയപ്പെടുത്തി പണം [4] വസൂലാക്കണമെന്നു തീരു മാനിച്ചു. ഉദ്യോഗസ്ഥന്മാരേയുംപണത്തിനു [5] ഞെരുക്കി.

കൽക്കുളം കാര്യക്കാരായ വേലുത്തമ്പിയേയും ദിവാൻ വിളിച്ചു വരുത്തി. ഉടൻ ഇരുപതിനായിരം [6] പണം ഏല്പിച്ചുകൊള്ളണമെന്നു ഉത്തരവു കൊടുത്തു. തമ്പി

---

1 തൻകാര്യക്കാർ=സ്വന്തം കാര്യം മാത്രം ശ്രദ്ധിക്കുന്നവർ
2 താന്തോന്നികൾ=തോന്ന്യവാസം കാട്ടുന്നവർ
3 നിലച്ചു=അവസാനിച്ചു
4 വസൂലാക്കുക (വസൂൽ) = ഈടാക്കുക
5 ഞെരുക്കി=ബുദ്ധിമുട്ടിച്ചു
6 പണം=മുൻപു തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന ഒരു വെള്ളിനാണയം

[1]അമ്പരന്നു; ഉള്ളിൽ കോപം [2]ജ്വലിച്ചു. എങ്കിലും അതൊന്നും പുറത്തു കാട്ടിയില്ല. പണം [3]സ്വതന്ത്രപ്പിക്കുവാൻ മൂന്നു ദിവസത്തെ അവധി വേണമെന്നു് തമ്പി ആവശ്യപ്പെട്ടു; ദിവാൻ അവധി അനുവദിച്ചു. വേലുത്തമ്പി നാട്ടിലേക്കു മടങ്ങി.

ശങ്കരൻ നമ്പൂതിരിയുടെ ഭരണം നാട്ടിൻറെ ഗുണത്തിനല്ലെന്നു് പരക്കെ തോന്നിത്തുടങ്ങിയിരുന്നു. വേലുത്തമ്പി മടങ്ങിച്ചെന്നു് നാട്ടുകാരെ കായ്യം ധരിപ്പിച്ചു. നമ്പൂതിരിയെ [4]വച്ചു വാഴിക്കരുതെന്നു് എല്ലാവരും അഭിപ്രായപ്പെട്ടു. ജനങ്ങളം ക്രുദ്ധമായി തിരുവനന്തപുരത്തു ചെന്നു്, രാജാവിനെ കണ്ടു്, ദിവാനെക്കുറിച്ചു് പരാതിപ്പെടണമെന്നു് പൊതുവായി തീരുമാനിച്ചു. വേലുത്തമ്പി മുതലായവർ [5]മുൻനിന്നു് ഒരു ജനസംഘം തിരുവനന്തപുരത്തേക്കു പുറപ്പെട്ടു. [6]പെരുമ്പറകളും പടപ്പാട്ടുകളും വഴി

---

1. അമ്പരന്നു=അതിശയപ്പെട്ടു;
2. ജ്വലിക്കുക=കത്തിക്കാളുക.
3. സ്വതന്ത്രപ്പിക്കുക=ശേഖരിക്കുക.
4. വച്ചുവാഴിക്കുക=പദവിയോടുകൂടി ഇരുത്താൻ അനുവദിക്കുക
5. മുൻനിൽക്കുക=പ്രധാന സ്ഥാനത്തു വഹിക്കുക; നേതൃത്വം വഹിക്കുക.
6. പെരുമ്പറ=യുദ്ധസമയത്തു് ഉപയോഗിക്കുന്ന ഒരു വാദ്യം

നീളെ മുഴങ്ങി. ആ ജനസാഗരത്തെ പല ദിക്കിലും വച്ച് കരക്കാർ എതിരേറ്റു. ചിലർ ക്ഷേത്രത്തിൽചേന്നു. എല്ലാവരും ഒരുമിച്ച് തിരുവനന്തപുരത്തുവന്നു് തമ്പാനൂരും പഴവങ്ങാടിയിലും താവളം ഉറപ്പിച്ചു. രാജാവു് ഈ വാർത്ത അറിഞ്ഞു് പരിഭ്രമിച്ചു. ചെട്ടിയും തരകനും നാട്ട വിട്ടു. ജനങ്ങളുടെ സങ്കടം അറിഞ്ഞുവരാൻ രാജാവു് ചില പ്രമാണികളെ അയച്ചു. നമ്പൂതിരിയേയും അയാളുടെ ബന്ധുക്കളേയും [1] നാട്ട കടത്തണമെന്നും ചെട്ടിയേയും തരകനേയും [2] മുക്കാലിയിൽ കെട്ടി അടിപ്പിച്ചു് ചെവി അറുത്തു് തടവിൽ പാർപ്പിക്കണമെന്നും ജനങ്ങൾ ആവശ്യപ്പെട്ടു. രാജാവിനു മറുത്തു നിവൃത്തിയില്ലായിരുന്നതിനാൽ എല്ലാം സമ്മതിച്ചു. അതനുസരിച്ചു് നമ്പൂതിരിയേയും ബന്ധുക്കളേയും നാട്ട കടത്തി. ചെട്ടിയെ അടിപ്പിച്ചു് ചെവിയറുത്തു് തടവിലാക്കി. തരകൻ പിടി കൊടുക്കാതെ ഇംഗ്ലീഷുകാരുടെ അഭയമായ അഞ്ചുതെങ്ങിൽ പറന്നിക്കൂടി. അയാളെ അവി

---

1. നാട്ടുകടത്തുക=നാട്ടിൽ നിന്നു എന്നേക്കുമായി പുറം തള്ളുക. ഇതു് ഒരു തരം ശിക്ഷയാണു്.

2. മുക്കാലി=മൂന്നു കാലുള്ള ഒരു മരച്ചട്ടം. ഇതിന്മേൽ ആളുകളെ കയറ്റി വടികൊണ്ടു് അടിക്കുന്നതു് ഒരു ശിക്ഷാസമ്പ്രദായമായിരുന്നു.

ടെ നിന്നും പുറത്തിറക്കുവാൻ വളരെ പണിപ്പെട്ട. ഒട്ടവിൽ ചിറയിൻകീഴ് ദേശത്തെ ആളകാം കൂട്ടമിളകി. തരകൻ പുറത്തുവന്നു. അയാൾക്കും ചെട്ടിക്കു കൊടുത്ത മാതിരി ശിക്ഷ തന്നെ നൽകി.

അങ്ങനെ നമ്പൂതിരിയുടേയും കൂട്ടരുടേയും ഭരണം അവസാനിച്ചു.

---

1. സ്വന്തം വാചകങ്ങളിൽ ഉപയോഗിക്കുക.

   അടുത്തു കൂടുക; പറിച്ചുകൂടുക; മുൻനിൽക്കുക; വച്ചുവാഴിക്കുക; വസൂലാക്കുക; സ്വരൂപിക്കുക; കൂട്ടമിട്ടിളകുക.

2. ജയന്തൻശങ്കരൻ നമ്പൂതിരിയെ യാതൊ അയയ്ക്കുവാൻ വേലുത്തമ്പിയും മറവും പ്രയോഗിച്ച വിദ്യ എന്തു്?

3. താഴെ കൊടുക്കുന്ന ജോടികളും തമ്മിലുള്ള വ്യത്യാസം എന്തു്?

   1 { അടിപ്പിക്കുക. / അടുപ്പിക്കുക. } 2 { എതിരിടുക / എതിരേൽക്കുക. }

   3 { ഞെരുക്കുക / ഞെരിക്കുക. }

അധ്യായം മൂന്ന്

ന്യായംനടപ്പുന്ന ദളവ

ശങ്കരൻ നമ്പൂതിരിക്കുശേഷം രണ്ടു ദളവാമാർ തുടർന്നു ഭരിച്ചു. അവരിൽ ഒന്നാമത്തെ ആൾ അയ്യപ്പൻ ചെമ്പകരാമൻ ആയിരുന്നു. അദ്ദേഹം പെട്ടെന്നു മരിച്ചു. അടുത്ത ദളവാ പാറശ്ശാല പത്മനാഭപിള്ള ആയിരുന്നു. അദ്ദേഹത്തിന്റെ കാലത്തു് കുഞ്ഞുനീലൻ പിള്ള എന്നൊരു കാര്യക്കാർ പ്രബലനായി. അയാൾ രാജസേവകൻക്രൂടി ആയിരുന്നു. കുഞ്ഞുനീലൻപിള്ള തൻ കാര്യം നേടുന്നതിനുവേണ്ടി പലരേയും ദ്രോഹിച്ചു.

ജനറൽ കുമാരൻതമ്പി അന്നു് പട്ടാളത്തിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു. അദ്ദേഹം രാജാകേശവദാസന്റെ സഹോദരനായിരുന്നു. കുമാരൻതമ്പിയുടെ സഹോദരനായിരുന്ന ഇരയിമ്മൻതമ്പി. ഇദ്ദേഹം സർവാധികാര്യക്കാർ എന്ന ഉദ്യോഗം ഭരിച്ചു. ഇവർക്കു് ഇരുവർക്കും ഇംഗ്ലീഷ്ഭാഷ വശമായിരുന്നതിനാൽ മറുനാട്ടുകളിലെ സ്നേഹിതന്മാരുമായി എഴുത്തുകുത്തു നടത്തിവന്നു. തമ്പിമാർ രാജാകേശവദാസന്റെ ഉറ്റ ബന്ധുക്കളാണല്ലോ. അവർ മറുനാട്ടുകാരുമായി കത്തിടപാടു

കർം നടത്തുന്നതു് രാജാവിനെ ദ്രോഹിക്കാനാണെന്നു് കുഞ്ഞുനീലൻപിള്ള ഒരു കഥ ചമച്ചു. ആ വിവരം രാജാവിനെ ധരിപ്പിക്കുകയും ചെയ്തു. തമ്പിമാർ തടവിലായി. തടവിൽ പാർക്കുന്നകാലത്തു് അവർ ആർംവശം അയച്ച ഒരു കത്തു് കുഞ്ഞുനീലൻപിള്ളയുടെ ക്രൂട്ടാളികർം കയ്യിലാക്കി. അതുതെറ്റായി [1]പരിഭാഷപ്പെടുത്തി രാജാവിനെ കേർംപ്പിച്ചു. ആ സാധു അതെല്ലാം അപ്പടി വിശ്വസിച്ചു. അദ്ദേഹം തമ്പിമാരെ കൊന്നു കളയുവാൻ ഉത്തരവിടുകയും ചെയ്തു. കുഞ്ഞുനീലൻപിള്ളയുടെ ഈ ദ്രോഹപ്രവൃത്തി വേലുത്തമ്പിക്കു് തീരെ രസിച്ചില്ല. അവർ തമ്മിൽ വൈരമായി. ഈ പക പിന്നീടു് മറ്റൊരു രൂപം പ്രാപിക്കുകയും ചെയ്തു.

അന്നു് വേലുത്തമ്പി മുളകു മടിശ്ശീലക്കാര്യക്കാർ ആയിരുന്നു. വാണിജ്യസംബന്ധിച്ച കാര്യങ്ങളുടെ മേൽനോട്ടത്തിനുള്ളതാണു് ഈ ഉദ്യോഗം. പാറശ്ശാല പദ്മനാഭപിള്ള മരിച്ചപ്പോൾ വേലുത്തമ്പിയെ ദളവാ ആയി നിയമിച്ചു.

വേലുത്തമ്പി ദളവാസ്ഥാനം ഏറ്റപ്പോൾ രാജ്യത്തു് അക്രമവും അഴിമതിയും ധാരാളമായിരുന്നു. [2]ഖജനാവിൽ

---

1 പരിഭാഷപ്പെടുത്തുക=തർജ്ജമചെയ്യുക

2 ഖജനാവ്=ദ്രവ്യകാര്യം സൂക്ഷിക്കുന്നസ്ഥലം

പണമില്ല. ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കു [1]കപ്പം കൊടുക്കാതെ [2] കുടിശികവന്നു.

രാജ്യത്തു സമാധാനം സ്ഥാപിക്കാനും, [3]മുതലെടുപ്പു വർദ്ധിപ്പിക്കാനും ഭളവാ പല പല പരിഷ്കാരങ്ങളും നടപ്പാക്കി. വസ്തുക്കൾ [4]കണ്ടെഴുതി കരം തിട്ടപ്പെടുത്തി. ഉദ്യോഗസ്ഥന്മാരുടെ മുമതലകൾ വിവരിക്കുന്ന ചട്ടവയ്പോല എഴുതിയുണ്ടാക്കി പരസ്യപ്പെടുത്തി. രാജ്യത്തെ വരവിനും ചെലവിനും കണക്കു വയ്പ്പാണമെന്നു് ചട്ടമുണ്ടാക്കി. ചങ്ങനാശ്ശേരി, തലയോലപ്പറമ്പു്, ആലങ്ങാടു് എന്നീ സ്ഥലങ്ങളിൽ ചന്തകൾ സ്ഥാപിച്ചു. കൊല്ലം, ആലപ്പുഴ എന്നീ പട്ടണങ്ങൾ വാണിജ്യകേന്ദ്രങ്ങളാക്കി.

ചങ്ങനാശ്ശേരി ചന്ത തുറന്നു് കച്ചവടം തുടങ്ങിയ ദിവസം ഭളവാ ഒരു കടയിൽചെന്നു് ഏതാനുംപറ അരി വാങ്ങി ചാക്കിൽ കെട്ടി തോളിൽ വച്ചുകൊണ്ടു് പെരു

---

1. കപ്പം= ഉടമ്പടിപ്രകാരം കൊടുക്കേണ്ടതുക.
2. കുടിശിക= ബാക്കി.
3. മുതലെടുപ്പു് = വരവു്.
4. കണ്ടെഴുത്തു് = ഭൂമിഅളന്നു് തിട്ടപ്പെടുത്തൽ.

വഴിയിൽക്കൂടെ നടന്നുപോയി. ഈ കാഴ്ച ജനങ്ങളെ അത്ഭുതപ്പെടുത്തി.

വേമ്പനാട്ട് കായലിൽ പാതിരാമണൽ എന്ന തുരുത്ത് ഇപ്പോഴും ഉണ്ട്. വേലുത്തമ്പിയുടെ കാലത്തു ആ സ്ഥലം കള്ളന്മാരുടേയും കൊള്ളക്കാരുടേയും താവളമായിരുന്നു. അവിടത്തെ കാട്ടുകൾ വെട്ടിനീക്കി കൃഷിക്കു പാകമാക്കിയെടുത്തു.

കൈക്കൂലിക്കാരേയും മറ്റു അന്യായം ചെയ്യുന്നവരേയും ഭയവാ കടുത്ത ശിക്ഷകൾ കൊടുത്തു പാഠം പഠിപ്പിച്ചു.

ഒരിക്കൽ ഇടവായിലെ ചില മഹമ്മദീയർ വഴിപോക്കനായ ഒരു നമ്പൂതിരിയുടെ പണവും [1]പണ്ടവും തട്ടിപ്പറിച്ചു. നമ്പൂതിരി തിരുവനന്തപുരത്തു വന്നു ഭയവായെ വിവരം ധരിപ്പിച്ചു. ഭയവാ കൊല്ലിയ്ക്കാൻ എണ്ണതേയ്ക്കുകയായിരുന്നു. അദ്ദേഹം കുളി പിന്നെ എന്നു വച്ചു; കുതിരപ്പുറത്തു കയറി ഇടവായിലേക്കു പുറപ്പെട്ടു. അവിടെ ചെന്നു മുറയ്ക്കു അന്വേഷണം തുടങ്ങി. മഹമ്മദീയർ ആരും കുറ്റം സമ്മതിച്ചില്ല. ഉടൻ ഓരോരുത്തരെ

---

1. പണ്ടം = ആഭരണം

മരത്തിൽ ചോറുതിന്നി നെഞ്ചിൽ ഇരിമ്പാണി തറച്ചു തുടങ്ങി. ഇങ്ങനെ കുറേപ്പേരെ ഉപദ്രവിച്ചപ്പോൾ കുറാ ചെയ്തവൻ [1]തൊണ്ടിയുമായിവന്നു. അയാളെ കഠിനമായി ശിക്ഷിച്ചു.

പിന്നീടൊരിക്കൽ ഏതാണ്ടും നമ്പൂതിരിമാർ മുറജപം കഴിഞ്ഞു് തിരുവനന്തപുരത്തുനിന്നു് വടക്കോട്ടുപോവുകയായിരുന്നു. തോന്നയ്ക്കൽ എന്ന സ്ഥലത്തുവച്ചു് അവരെ കള്ളന്മാർ തടഞ്ഞുനിത്തി; അവരുടെ പക്കലുള്ള സാധനങ്ങളും കവർന്നെടുത്തുകൊണ്ടു് കടന്നുകളയുകയും ചെയ്തു. നമ്പൂതിരിമാർ തിരുവനന്തപുരത്തേയ്ക്കു മടങ്ങി ദളവായെ കണ്ടു് സങ്കടം പറഞ്ഞു. ഉടൻതന്നെ കള്ളന്മാരെ പിടിക്കാൻ ഭടന്മാർ പുറപ്പെട്ടു. അവർ കള്ളന്മാരെ തൊണ്ടിയോടുകൂടി ദളവായുടെ മുമ്പിൽ ഹാജരാക്കി. കളവുപോയ മുതൽ ഒന്നൊഴിയാതെ കൊടുത്തു് നമ്പൂതിരിമാരെ യാത്രയാക്കി. അവർ മടങ്ങും വഴി തോന്നയ്ക്കലെത്തിയപ്പോൾ വഴിയിലുള്ള മരക്കൊമ്പുകളിൽ കള്ളന്മാരുടെ അവയവങ്ങൾ കെട്ടിത്തൂക്കിയിരിക്കുന്നതു കണ്ടു.

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഒരു ഉത്സവക്കാലം. രാത്രി തെല്ലുകഴിഞ്ഞതിനു ശേഷം ഒരു സ്ത്രീ

---

1. തൊണ്ടി = മോഷ്ടിച്ച മുതൽ.

അമ്പലത്തിന്റെ കിഴക്കുവശത്തുള്ള റോഡിൽക്കൂടി പോവുകയായിരുന്നു. ഒരു കച്ചവടക്കാരൻ പെട്ടെന്നു പാഞ്ഞുവന്നു് സ്ത്രീയുടെമേലിൽ അണിഞ്ഞിരുന്നപൊൻപണ്ടങ്ങളും തട്ടിക്കൊണ്ടു മറഞ്ഞു. വേഷം മാറി നടന്നിരുന്ന ദളവാ ഈ കൃത്യം കണ്ടു. അദ്ദേഹം കള്ളന്റെ പിന്നാലേ ഓടി അവനെ പിടിക്കൂടി. പൊയ്പോയ പണ്ടങ്ങളും സ്ത്രീക്കു കൊടുത്തു. കള്ളന്റെ വലതുകൈ മുറിക്കുകയും ചെയ്തു.

കണ്ടെഴുത്തുകാലത്തു് വേലുത്തമ്പിയുടെ വീട്ടിൽ ഒരു തെങ്ങിനു കരം ചുമത്തിയതു് കുറഞ്ഞുപോയി. തമ്പിയുടെ വളർത്തമ്മ പറഞ്ഞതനുസരിച്ചാണത്രേ ഉദ്യോഗസ്ഥൻ കരം കുറച്ചെഴുതിയതു്. അയാൾ തമ്പിയുടെ ഒരു [1]സിൽബന്തിയും ആയിരുന്നു. എങ്കിലും ദളവാ യാതൊരു ഭയവും കൂടാതെ ആ ഉദ്യോഗസ്ഥന്റെ കൈവിരലുകൾ മുറിച്ചു കളഞ്ഞു.

ഇങ്ങനെ ശിക്ഷകൊണ്ടു് അദ്ദേഹം ജനങ്ങളെ ഭയപ്പെടുത്തി. അക്രമികൾ ഒതുങ്ങി; നാട്ടിൽ പേടിക്കൂടാതെ ജീവിക്കാം എന്നായി. എങ്കിലും ഇത്തരം നടപടി

1, സിൽബന്തി = തുണക്കാരൻ (ഇതു് പേർഷ്യൻഭാഷയിൽ നിന്നു സ്വീകരിച്ച വാക്കാണു്).

കൊണ്ട് ദളവായ്ക്ക് ശത്രുക്കൾ പെരുകി. അവർ പക വീട്ടാൻ അവസരം പാർത്തു. ഒരിക്കൽ ആ സന്ദർഭം ഉണ്ടാവുകയും ചെയ്തു.

---

1. സ്വന്തം വാചകങ്ങളിൽ ഉപയോഗിക്കുക.
   എഴുത്തുകുത്തു നടത്തുക; അപ്പടി വിശ്വസിക്കുക; പാഠം പഠിപ്പിക്കുക; ഒന്നൊഴിയാതെ, അവസരം പാർക്കുക.
2. വേലുത്തമ്പി ദളവാ ആയപ്പോൾ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാം?
3. വേലുത്തമ്പിയുടെ ശിക്ഷാരീതിയുടെ രണ്ട് ഉദാഹരണം എഴുതുക.

അദ്ധ്യായം നാല്

നാശത്തിന്റെ വിത്ത്

ഇംഗ്ലീഷ് ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ ശക്തി പ്രാപിച്ചുവരുന്ന കാലമായിരുന്നു അത്. അവർ പണ്ട് കച്ചവടത്തിനായി ഇന്ത്യയിൽ വന്നു. അവിടവിടെ [1] പണ്ടകശാലകളും കെട്ടി; പിന്നീട് സൂത്രം പ്രയോഗിച്ച് ഇന്ത്യയിലെ പല ദേശങ്ങളും അവർ കൈവശപ്പെടുത്തി.

കമ്പനിക്കാർ തിരുവിതാംകൂറിൽ ആദ്യമായി വന്നതു വളരെക്കാലം മുമ്പാണ്. അന്ന് അവർ കള്ളച്ചൽ തുറമുഖത്തു് കപ്പലിൽ വന്നടുത്തു. അന്നത്തെ രാജാവു് അവക്ക് പണ്ടകശാല കെട്ടാൻ അനുവാദം കൊടുത്തു. ക്രമേണ അവരുടെ കച്ചവടം മെച്ചപ്പെട്ടു. ഇന്ത്യയിൽ പൊതുവേ കമ്പനിക്കാരുടെ ശക്തി കൂടിക്കൂടി വന്നു. അവക്ക് പടയും പടക്കോപ്പുകളും വളരെ ഉണ്ടായി. പല നാടുവാഴികളോടും അവർ പട വെട്ടി.

---

1. പണ്ടകശാല = കച്ചവടസാധനങ്ങൾ സൂക്ഷിക്കുന്നസ്ഥലം.

ചിലർ തോറ്റു കീഴടങ്ങി; ചിലർ നാട്ടു വിട്ടു; ചിലർ അന്തംവരെ പൊരുതു മരിച്ചു.

കമ്പനിക്കാരുടെ കരുത്തു് ഇതു പെരുത്തിരുന്ന കാലത്തു് തിരുവിതാംകൂറിനു് ഒരു ആപത്തു നേരിട്ടു. മൈസൂറിലെ ടിപ്പു സുൽത്താൻ തിരുവിതാംകൂറിനോടു [1] നേത്തു. ടിപ്പുവിനെ എതിർക്കുവാൻവേണ്ടി അന്നു നാടുവാണിരുന്ന ധർമ്മരാജാവും മന്ത്രി കേശവദാസനും വേണ്ട കരുതലുകൾ ചെയ്തു. അക്രുട്ടത്തിൽ കമ്പനിക്കാരുടെ സഹായം തേടി. അവർ സഹായിക്കാമെന്നു സമ്മതിച്ചു ഇക്കാര്യത്തിനു കമ്പനിക്കാരും തിരുവിതാംകൂറും തമ്മിൽ ഒരു ഉടമ്പടി ഉണ്ടാക്കി. തിരുവിതാംകൂറിനെ ശത്രുക്കളിൽനിന്നു് രക്ഷിക്കാമെന്നു് കമ്പനിക്കാർ [2] കരാർ ചെയ്തു. പട്ടാളച്ചെലവിനു് ആണ്ടിൽ ആറു ലക്ഷം രൂപാ കൊടുക്കാമെന്നു് തിരുവിതാംകൂറും സമ്മതിച്ചു.

ടിപ്പു തിരുവിതാംകൂറിനെ ആക്രമിച്ചു. തിരുവിതാംകൂർ സൈന്യം ടിപ്പുവിന്റെ പടയെ പായിക്കുകയും ചെയ്തു. ഉടമ്പടിപ്രകാരം തിരുവിതാംകൂറിനെ സഹായി

---

1. നേർക്കുക = എതിരിടുക.
2. കരാർ = വ്യവസ്ഥ.

ക്കാൻ കടപ്പെട്ട കമ്പനി സഹായിച്ചില്ല. എങ്കിലും കപ്പം മുറയ്ക്കു കൊടുത്തുവന്നു.

ബാലരാമവർമ്മയുടെ കാലത്തു് ഖജനാവിൽപണം ഇല്ലാതിരുന്നതിനാൽ കപ്പം മുടങ്ങി. സർക്കാരിൽ മുതൽ ഏറണമെന്നു കരുതി വേലുത്തമ്പിദളവാ, പല പരിഷ്കാരങ്ങളും ഏർപ്പെടുത്തിയ കൂട്ടത്തിൽ, പട്ടാളക്കാരുടെ ശമ്പളം കുറവുചെയ്തു.

ശമ്പളം കുറച്ചതു് പട്ടാളക്കാർക്കു് രസിച്ചില്ല അവർ കൂട്ടംചേർന്നു് ആലോചന നടത്തി. നാട്ടിൻെറ പലഭാഗത്തായി പാർപ്പിച്ചിരുന്ന പട്ടാളക്കാർ ഒന്നോടെ ഇളകി. നാട്ടിൽ സമാധാനം പാലിക്കേണ്ടവരാണല്ലോ പട്ടാളക്കാർ. അവർ ലഹളയുണ്ടാക്കിയാൽ എങ്ങനെ സമധാനമുണ്ടാകും? വേലുത്തമ്പിക്കു് ഇരിയ്ക്കപ്പൊറുതിയില്ലാതായി. അന്നു ബ്രിട്ടീഷ് റസിഡണ്ടായിരുന്ന മെക്കാളിയുടെ സഹായം അദ്ദേഹത്തിനു ലഭിച്ചു. അങ്ങനെ പട്ടാളലഹള അമർച്ച ചെയ്തു. അതിനുശേഷം ലഹളയുണ്ടാക്കാരായ ചിലരെ തൂക്കിക്കൊന്നു. മറ്റു ചിലരെ തടവിലാക്കി.

പട്ടാളലഹള ശമിച്ചപ്പോൾ റസിഡണ്ടു് പുതിയ അടവെടുത്തു. ഇനി ഇതുപോലെ ലഹള ഉണ്ടാകരു

തല്ലോ. അതിനുവേണ്ടി ബ്രിട്ടീഷ് പട്ടാളത്തെ തിരുവിതാംകൂറിൽ പാർപ്പിക്കണം. നാട്ടുപട്ടാളത്തിന്റെ എണ്ണം കുറയ്ക്കുകയും വേണം. ബ്രിട്ടീഷ് പട്ടാളത്തിന്റെ ചെലവ് തിരുവിതാംകൂറിലെ ഖജനാവിൽനിന്നു കൊടുക്കണം. ഇവിടെ സമാധാനം പാലിക്കുന്ന ചുമതല കമ്പനിക്കാർ ഏറ്റു. പണ്ടു കൊടുത്തിരുന്ന കപ്പം കുട്ടിയാൽ മതി. അതുകൊണ്ട് മുമ്പ് ഉണ്ടാക്കിയ ഉടമ്പടി പുതുക്കി എഴുതണം. ഇങ്ങനെയായിരുന്നു റസിഡണ്ടു പറഞ്ഞതു്. അന്നു് ഇന്ത്യയിൽ ബ്രിട്ടീഷുകാരുടെ ഗവണ്ണർ ജനറൽ വെല്ലസ്ലിപ്രഭു ആയിരുന്നു. അദ്ദേഹമാണു് റസിഡണ്ടിനെ ഇക്കാര്യം ചുമതലപ്പെടുത്തിയതു്.

ഉടമ്പടി പുതുക്കുന്നതും കപ്പം കുട്ടുന്നതും ശരിയല്ലെന്നു് രാജാവിനും ദളവായ്ക്കും തോന്നി. നാട്ടുകാരുടെ അഭിപ്രായവും അങ്ങനെതന്നെ ആയിരുന്നു. എന്നാലും ബ്രിട്ടീഷുകാരെ പിണക്കരുതെന്നു കരുതി ദളവാ അവരോടു് രാജ്യത്തിന്റെ ധനസ്ഥിതി മോശമാണെന്നു പറഞ്ഞു. കുടുതൽ ചുമത്തുന്ന കരം ഉടനടി ആവശ്യപ്പെടുകയില്ലെന്നായി റസിഡണ്ടു്. ഒടുവിൽ ഉടമ്പടി പുതുക്കാമെന്നു് രാജാവും ദളവായും മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. പുതുക്കി എഴുതിയ ഉടമ്പടി അഞ്ചുതെങ്ങിൽവച്ചു് ഇരുകൂട്ടരും കൈമാറി. വേലുത്തമ്പിയുടെ

മേൽനോട്ടത്തിലായിരുന്ന കൈമാറ്റച്ചടങ്ങുകൾ നടന്നത്.

ക്രിസ്തുവിനു് പിൻപു് ആയിരത്തിയെണ്ണൂറിയഞ്ചിൽ നടന്ന ഈ ഉടമ്പടി തിരുവിതാംകൂറിന്റേയും വേലുത്തമ്പിയുടേയും നാശത്തിനു വിത്തുപാകി എന്നു പറയാം.

---

1. സ്വന്തം വാചകത്തിൽ ഉപയോഗിക്കുക.
   ഇരിയ്ക്കപ്പൊറുതിയില്ലാതാക്കുക, അമർച്ച ചെയ്യുക, മനസ്സില്ലാമനസ്സോടെ, നാശത്തിനു വിത്തു പാകുക
2. കമ്പനിക്കാരും തിരുവിതാംകൂറുമായി ആദ്യം ഉടമ്പട ഉണ്ടാക്കിയതു് എന്തിനു വേണ്ടി ആയിരുന്നു?
3. ക്രി. പി. ആയിരത്തിഎണ്ണൂറിയഞ്ചിലെ ഉടമ്പടി ഉണ്ടായതെങ്ങിനെ?

അധ്യായം അഞ്ച്

ശഠനോട് ശാഠ്യം

ഉടമ്പടി പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ ദളവായുടെ മട്ടു മാറി. കടിശീഖസഹിതം കപ്പം ഉടൻ കൊടുക്കണമെന്നായി. അതു തരപ്പെടുകയില്ലെന്ന് ദളവാ അറിയിച്ചു. കപ്പത്തിനുവേണ്ടിയുള്ള എഴുത്തുകുത്തുകളുടെ സ്വരംമാറി. ഉടമ്പടിയനുസരിച്ചു പെരുമാറിയില്ലെങ്കിൽ ദളവായെ വലിയതുറെ എറിഞ്ഞുകളയുമെന്ന് റസിഡണ്ടു് എഴുതി. ഇതുകേട്ടപ്പോൾ ദളവായ്ക്കു വാശി കയറി. കോപം മൂത്തു. വെള്ളക്കാരോടു മര്യാദ കാട്ടേണ്ടതില്ലെന്നു തിട്ടമായി. ദളവായെ ഉടൻ പിരിച്ചുവിടണമെന്ന് റസിഡണ്ടു് രാജാവിനോടു് ആവശ്യപ്പെട്ടു. അതോടെ പകപെരുത്തു. ഇരുകൂട്ടരും ഏറുമുട്ടാൻ തരം പാർത്തു.

ഒരിക്കൽ കരം കടിശീഖ വരുത്തിയതിനു് മാത്തുത്തരകന്റെ വസ്തുക്കൾ സർക്കാർ ജപ്തിചെയ്തു. തരകൻ റസിഡണ്ടിനോടു സങ്കടം പറഞ്ഞു. ജപ്തി നിറുത്തിവയ്പ്പിക്കണമെന്നു റസിഡണ്ടു് സർക്കാരിലേക്കു് എഴുതി അയച്ചു. ഇക്കാര്യത്തിൽ റസിഡണ്ടു് ഇടപെടുന്നതു് ശരിയല്ലെന്നായിരുന്നു ദളവായുടെ മറുപടി. റസിഡണ്ടു്

ക്രൂസിയില്ല. അന്യായം കാട്ടാൻ അയാം അനുവദിക്കുകയില്ലയ്തോ! ദളവാ ഉദ്യോഗം വച്ചൊഴിഞ്ഞുപോകണമെന്നു് റസിഡണ്ടു് നിർബന്ധം തുടങ്ങി.

റസിഡണ്ടിന്റെ ഭാവം മാറിയതോടെ ദളവാ വേണ്ട മുൻ കരുതലുകൾ ചെയ്വാൻ തുടങ്ങിയിരുന്നു. ഒരു പോരാട്ടം ഉണ്ടായേ കാര്യം കലാശിക്കൂ എന്നു് അദ്ദേഹത്തിനു് അറിയാമായിരുന്നു. അതിനുവേണ്ട ഒരുക്കങ്ങൾ മുറയ്ക്കു ചെയ്തിരുന്നു. അതിന്റെ ശരിയായ വിവരം അന്നു് ആരും അറിഞ്ഞിരുന്നില്ല. കൊച്ചിരാജ്യത്തു് അക്കാലം പാലിയത്തച്ചനായിരുന്നു മന്ത്രി. കൊച്ചിയിലെ രാജാവു് രാജ്യഭരണം മന്ത്രിയെ ഏല്പിച്ചിട്ടു് വെള്ളാരപ്പിള്ളി എന്ന സ്ഥലത്തു കഴിഞ്ഞുകൂടി. വേലുത്തമ്പിയും പാലിയത്തച്ചനും ഒരുമിച്ചു് ബ്രിട്ടീഷുകാരെ എതിർക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു.

റസിഡണ്ടു് കൗശലക്കാരനായിരുന്നു. അയാം ദളവായോടു് ചങ്ങാത്തം ഭാവിച്ചു. ശണ്ഠകൂടാതെ കഴിക്കണമെന്നു് അപേക്ഷിച്ചു. ദളവാ ഉദ്യോഗം [1] രാജിവയ്ക്കണം. കുടുംബസഹിതം മലബാറിൽ പോയി

---

1. രാജിവയ്ക്കുക = സ്വയം ഉദ്യോഗത്തിൽനിന്നു ഒഴിയുക.

പാക്കണം. അങ്ങനെ ചെയ്താൽ മാസം അഞ്ഞൂറു രൂപാ വീതം [1] അട്ടുത്തുൺ കൊട്ടക്കാം. ഇതൊക്കെയായിരുന്ന റസിഡണ്ടിന്റെ ഉപദേശം. ഇതു കേട്ടപ്പോൾ ദളവാ അകമേ ചിരിച്ചു. അപ്പോൾ മറുപടി ഒന്നും പറഞ്ഞതുമില്ല.

അയിടയ്ക്ക് തിരുവിതാംകൂറിലേയും കൊച്ചിയിലേയും സൈന്യങ്ങൾ ചേർന്ന് ബ്രിട്ടീഷ് കൊച്ചിയിൽ പാർക്കുന്ന റസിഡണ്ടിനെ ആക്രമിക്കുവാൻ തീരുമാനിച്ചു. അതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായപ്പോൾ ദളവാ റസിഡണ്ടിന്റെ പക്കൽ ഒരു ദൂതനെ അയച്ചു. റസിഡണ്ട് ആവശ്യപ്പെട്ടതുപോലെ ഉദ്യോഗം രാജിവച്ചു മലബാറിൽ പോയി പാർക്കുവാൻ സമ്മതമാണെന്ന് ദൂതൻ അറിയിച്ചു. ദളവായുടെ യാത്രയിൽ അകമ്പടിക്ക് കുറെ പട്ടാളക്കാരെ അയച്ചുകൊടുക്കണമെന്നും ദൂതൻ പറഞ്ഞു. ഇതു കേട്ടപ്പോൾ റസിഡണ്ടിനു സന്തോഷമായി. അയാൾ ഒട്ടും മടിക്കാതെ കൊച്ചിയിൽ ഉണ്ടായിരുന്ന കുറെ പട്ടാളത്തെ ദളവായുടെ അകമ്പടിയ്ക്കായി ആലപ്പുഴയിലേയ്ക്കയച്ചു;

ദളവാ പുറപ്പെടാൻ നിശ്ചയിച്ചിരുന്ന ദിവസം റസിഡണ്ടിന്റെ ഒരു ദൂതൻ ആലപ്പുഴെ എത്തി. ദള

---

1. അട്ടുത്തുൺ = പെൻഷൻ.

വായെ എതിരേൽക്കുവാനാണു് അയാൾ വന്നതു്. ദൂതൻ ദളവായെ കണ്ടതു് രസമുള്ള കഥയാണു്.

---

1. സ്വന്തം വാചകങ്ങളിൽ ഉപയോഗിക്കുക.
   മട്ടമാറുക; ഏറുമുട്ടുക; വച്ചൊഴിയുക; അട്ടഹസിക്കുക.
2. ദളവായും റസിഡണ്ടും തമ്മിൽ പിണങ്ങുവാനുള്ള കാരണങ്ങൾ എന്തെല്ലാം ?
3. ദളവായെ ഉദ്യോഗത്തിൽനിന്നു് നീക്കം ചെയ്യുവാൻ റസിഡണ്ടു് പ്രയോഗിച്ച തന്ത്രം എന്തു്?

അദ്ധ്യായം ആറ്

ദൂതനും ദളവായും

ദൂതൻ ദളവായുടെ മുമ്പിൽ എത്തി. റസിഡണ്ടിന്റെ പാർപ്പിടമായ കൊച്ചിയിലേയ്ക്ക് ദളവായെ കൂട്ടിക്കൊണ്ടു പോകാനാണ് അയാൾ വന്നിരിക്കുന്നത്. അവർ തമ്മിലുള്ള സംഭാഷണം ഇങ്ങനെ ആയിരുന്നു.

ദളവാ:—മെക്കാളി കൊച്ചിയിലുണ്ടോ?

ദൂതൻ:—ഉണ്ട്.

ദളവാ:—അദ്ദേഹം എന്തുപറഞ്ഞയച്ചു?

ദൂതൻ:—അങ്ങയെ കൂട്ടിക്കൊണ്ടു ചെല്ലണമെന്ന്.

ദളവാ:—ഞാൻ വരണോ? നിങ്ങൾക്ക് എന്തു തോന്നുന്നു?

ദൂതൻ:—തീർച്ചയായും വരണം.

ദളവാ:—കൊച്ചിയിലെത്തുമ്പോൾ മെക്കാളി എന്നെ എങ്ങനെ സ്വീകരിക്കാനാണ് നിശ്ചയിച്ചിരിക്കുന്നത്? തോക്കുകൊണ്ടോ, വാളുകൊണ്ടോ?

ദൂതൻ:—റസിഡണ്ടു് അങ്ങയെ രാജാവിനെപ്പോലെ ബഹുമാനിക്കും. അതു ഞാൻ ഉറപ്പായിപറയാം.

ദളവാ:—നേരേമറിച്ചായാൽ?

ദൂതൻ:—നേരേ മറിച്ചായാൽ, ഇതാ എന്റെ കൈയ്യിലുള്ള ഈ തോക്കു് ഞാൻ എന്റെ നെഞ്ചിൽ തന്നെ പ്രയോഗിക്കും.

ദളവാ:—അതുകട്ടെ ഞാൻ ഉദ്യോഗം രാജിവച്ചു് നാട്ടുവിട്ടു പോകുമെന്നു് റസിഡണ്ടു് വിശ്വസിച്ചിട്ടുണ്ടോ?

ദൂതൻ:—ഉണ്ടു്. അതുകൊണ്ടാണല്ലോ എന്നെ ഇങ്ങോട്ടയച്ചതു്.

ദളവാ:—അങ്ങനെയാണെങ്കിൽ അയാൾ മഠയനാണു്.

ദൂതൻ:—എന്തു്?

ദളവാ:—അയാൾ തിരുമഠയനാണെന്നു്. ഞാൻപിറന്ന ഈ മണ്ണിൽനിന്നു ഞാൻപോവുകയോ? അതും ഒരു വെള്ളക്കാരൻ പറഞ്ഞിട്ടു്. ഈ ആപത്തുകാലത്തു ഞാൻ പോയാൽ അയാൾക്കു പിന്നെ ഇഷ്ടംപോലെ ആകാം, ഇല്ലേ? അതു് ഈ ജന്മം നടപ്പില്ല.

ദൂതൻ:—അങ്ങു് ആരോടാണു് എതിർക്കുന്നതെന്നറിയാമോ?

ദളവാ:—അറിയാം. പണ്ട് ഇവിടെ കരുമുളക് കച്ചവടത്തിനു വന്ന ധിക്കാരികളോട്.

ദൂതൻ:—ഞാൻ ഈ വിവരം റസിഡണ്ടിനെ അറിയിക്കാം.

ദളവാ:—റസിഡണ്ടിനു് ആ വിവരം കേൾക്കേണ്ടി വരികയില്ല.

ദൂതൻ:—അങ്ങു് എന്താണു പറയുന്നതു്?

ദളവാ:—അയാളെ എന്റെ പട്ടാളക്കാർ കൊന്നിരിക്കും.

ദൂതൻ:—റസിഡണ്ടിനെ കൊന്നിരിക്കും!

ദളവാ:—അതേ, മഹാനായ റസിഡണ്ടിനെ.

ദൂതൻ:—അപ്പോൾ എന്റെ ഗതിയും അതുതന്നെ.

ദളവാ:—ഇതു ധർമ്മരാജ്യമാണു്. ദൂതന്മാരെ കൊല്ലുന്ന പാരമ്പര്യം ഞങ്ങൾക്കില്ല. അതൊക്കെ നിങ്ങളുടെ കുത്തകയാണു്.

ദൂതൻ:—ദയവായി അങ്ങു് എന്നെ കൊന്നുകളയണം. ഞാൻ ഇനി എന്തിനു ജീവിച്ചിരിക്കണം?

ദേവാ:—നിങ്ങൾ വ്യസനിക്കുന്നതെന്തിനു്? നിങ്ങൾക്കു് യാതൊരാപത്തും വരികയില്ല.

ദൂതൻ:—ഇതിൽ കൂടുതൽ എന്തു് ആപത്താണു് വരാനുള്ളതു്? ഞാൻ നശിച്ചു, നശിച്ചു.

ദേവാ:—നിന്നു് [1]ഉഴറാതെ കാര്യം പറയൂ. റസിഡണ്ടു് നിങ്ങളുടെ അമ്മാവനാണോ?

ദൂതൻ:—അല്ല. എന്റെ ആരുമല്ല. റസിഡണ്ടു മരിച്ചതിനെക്കാൾ—

ദേവാ:—ഉം, പറയണം.

ദൂതൻ:—എന്റെ പതിനായിരം രൂപാ ഞാൻ അവിടെ സൂക്ഷിച്ചിരുന്നു. ഞാൻ വളരെകഷ്ടപ്പെട്ടു സമ്പാദിച്ചതാണതു്. അതല്ലാതെ എനിക്കൊരു സ്വത്തുമില്ല. പതിനായിരം രൂപാ! അയ്യോ, ഞാൻ ഇതെങ്ങനെ സഹിക്കും?

ദേവാ:—ഉം, നിങ്ങൾക്കു പോകാം.

---

1. ഉഴറുക = പരിഭ്രമിക്കുക.

ദൂതൻ: —എന്നെ കൊന്നുകളയണം. ഞാൻ ഇനി എങ്ങോട്ട് പോകാൻ ?

ദളവാ —ഉം, പോകാൻ.

ദളവായുടെ ശാസനകേട്ട് ദൂതൻ നടുങ്ങി. അയാൾ പുറത്തു കടന്നു. നിരാശയോടെ നടന്ന് പാർപ്പിടത്തിലെത്തി. ദളവായുടെ ഒരു ദൂതൻ അയാളെ കാത്തു നില്പുണ്ടായിരുന്നു. വേലുത്തമ്പിദളവായുടെ ഒരു കത്ത് അയാൾ അമ്പരന്നു. ആ വെള്ളക്കാരൻ കത്തു തുറന്നു വായിച്ചു. അയാൾക്കു നഷ്ടപ്പെട്ട പന്തീരായിരം രൂപാ ദളവാ കൊടുത്തുകൊള്ളാം എന്നെഴുതിയിരിക്കുന്നു. വെള്ളക്കാരനു സന്തോഷമായി.

റസിഡണ്ടിനെ കൊന്നിരിക്കും എന്നു ദളവാ പറഞ്ഞല്ലോ. എന്നാൽ റസിഡണ്ടു ചത്തില്ല. എങ്കിലും ആ ബ്രിട്ടീഷുകാരൻ നട്ടക്കടലിലായി. അതെങ്ങനെ എന്നല്ലേ? പറയാം.

1. സ്വന്തം വാചകത്തിൽ ഉപയോഗിക്കുക.

   കുത്തക; ഉഴുക.

2. ദൈവവും ദൂതനും തമ്മിലുള്ള സംഭാഷണം കഥാരൂപത്തിൽ എഴുതുക.

3. "ദൂതനോടുള്ള ദൈവത്തിന്റെ പെരുമാറ്റം അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തെയും ദീനാനുകമ്പയെയും തെളിയിക്കുന്നു." വിവരിക്കുക.

ദൂതൻ: —എന്നെ കൊന്നുകളയണം. ഞാൻ ഇനി എങ്ങോട്ട് പോകാൻ?

ദളവാ —ഉം, പോകാൻ.

ദളവായുടെ ശാസനകേട്ട് ദൂതൻ നടുങ്ങി. അയാൾ പുറത്തു കടന്നു. നിരാശയോടെ നടന്ന് പാർപ്പിടത്തിലെത്തി. ദളവായുടെ ഒരു ദൂതൻ അയാളെ കാത്തു നില്പുണ്ടായിരുന്നു. വേലുത്തമ്പിദളവായുടെ ഒരു കത്ത് അയാൾ അമ്പരന്നു. ആ വെള്ളക്കാരൻ കത്തു തുറന്നു വായിച്ചു. അയാൾക്കു നഷ്ടപ്പെട്ട പന്തീരായിരം രൂപാ ദളവാ കൊടുത്തുകൊള്ളാം എന്നെഴുതിയിരിക്കുന്നു. വെള്ളക്കാരനു സന്തോഷമായി.

റസിഡണ്ടിനെ കൊന്നിരിക്കും എന്നു ദളവാ പറഞ്ഞതല്ലോ. എന്നാൽ റസിഡണ്ടു ചത്തില്ല. എങ്കിലും ആ ബ്രിട്ടീഷുകാരൻ നട്ടക്കടലിലായി. അതെങ്ങനെ എന്നല്ലേ? പറയാം.

1. സ്വന്തം വാചകത്തിൽ ഉപയോഗിക്കുക.

   കുത്തക; ഉഴുക.

2. ദമ്പായും ദൂതനും തമ്മിലുള്ള സംഭാഷണം കഥാരൂപത്തിൽ എഴുതുക.

3. "ദൂതനോടുള്ള ദമ്പായുടെ പെരുമാറ്റം അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തെയും ദീനാനുകമ്പയെയും തെളിയിക്കുന്നു." വിവരിക്കുക.

അധ്യായം ഏഴ്

യുദ്ധമോ സമാധാനമോ ?

റസിഡണ്ടിന്റെ പട്ടാളത്തിലെ ഒരു പറ്റം ആള പ്പൂഴെ പോയി എന്നു പറഞ്ഞുവല്ലോ. ഈ തക്കം നോക്കി പാലിയത്തച്ചന്റെ ഉത്തരവിൻകീഴിൽ നാട്ടുപട്ടാളം റസിഡണ്ടിന്റെ പാർപ്പിടം വളഞ്ഞു. നിനച്ചിരിയാതെയുള്ള ഒരു [1] കൈയേറ്റമായിരുന്നു അത്. നാട്ടുപട്ടാളം വെള്ളക്കാരെ പിടിക്കൂടി. ചിലരെ വെടിവച്ചുകൊന്നു. കുറേപ്പേരെ പിടിച്ചുകെട്ടി. അവർ റസിഡണ്ടിനെ തേടിത്തുടങ്ങി. അപ്പോഴേയ്ക്കും അയാൾ എങ്ങനെയോ രക്ഷപ്പെട്ട് കൊച്ചീത്തുറമുഖത്തേയ്ക്ക് ഓടി; ആ വഴി വന്ന ഒരു ബ്രിട്ടീഷ് കപ്പലിൽ കയറിക്കൂടി. നാട്ടുപട്ടാളം റസിഡണ്ടിന്റെ പാർപ്പിടത്തിൽനിന്ന് ഒട്ടേറെ വിലപിടിച്ച സാധനങ്ങൾ കൈയ്യിലാക്കി.

റസിഡണ്ട് ഇതിനു പകരം വീട്ടാൻ തീരുമാനിച്ചു. ക്രൂടുതൽ സൈന്യങ്ങളെ അയയ്ക്കണമെന്ന് മേലാവി

---

1. കൈയേറ്റം = ആക്രമണം

ലേയ്ക്ക് എഴുതി. മലബാറിൽനിന്ന് ഒരു പറ്റം വെള്ളപ്പട കൊച്ചിയിലെത്തി; കൊല്ലത്തുണ്ടായിരുന്ന ബ്രിട്ടീഷ് താവളത്തിലും ക്രമേണ പട്ടാളക്കാർ വന്നു ചേർന്നു.

നേരിട്ടു പോരാട്ടം തുടങ്ങി. ഉളവാ കണ്ണറെ പാത്തു കൊണ്ട് കൊട്ടാരക്കരയും കിള്ളികൊല്ലവും കൊല്ലത്തും പട ചേർത്തു. നീണ്ടകരയിൽവച്ച് ഒരു [1] ഏറ്റമുട്ടലുണ്ടായി. നാട്ടുപട്ടാളം വീരോടെ പടവെട്ടി. എന്നാൽ വെള്ളപ്പടയുടെ പീരങ്കിയും, അവരുടെ സംഖ്യയും [2] അജയ്യമായിരുന്നു.

കണ്ണറയിൽപാത്തിരുന്ന ഉളവാ ഒരു [3] വിളംബരം പ്രസിദ്ധപ്പെടുത്തി. നമ്മുടെ നാട്ടിന്റെ ചരിത്രത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു രേഖയാണത്. പടിഞ്ഞാറു നിന്നു കച്ചവടത്തിനു വന്ന ഇംഗ്ലീഷുകാർ ചതിയന്മാരാണെന്നു് ആ വിളംബരത്തിൽ പറഞ്ഞിട്ടുണ്ട്. അവ

---

1. ഏറ്റമുട്ടൽ = പോരാട്ടം
2. അജയ്യം = ജയിക്കാൻ വഹിയാത്തതു്.
3. വിളംബരം = രാജാവോ ഭരണാധികാരിയോ ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുന്നതു്.

രോട്ട് ഇണങ്ങുന്നതു നാശത്തിനാണെന്നും, അവരെ പ്പോലെ വിശ്വസിക്കാൻ കൊള്ളാത്തവർ ഇതുവരെ ഉണ്ടായിട്ടില്ലെന്നും, ഇനി ഉണ്ടാകയില്ലെന്നും ദളവാ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിളംബരം പുറപ്പെട്ടവിച്ചതു് കൊല്ലവർഷം തൊള്ളായിരത്തി എൺപത്തിനാലു് മകരമാസം ഒന്നാംതീയതിയാണു്.

ദളവായുടെ ധൈര്യവും ദേശാഭിമാനവും നാട്ടുകാരിലും പകർന്നു. അവർ ദളവായുടെ പിന്നിൽ അണിനിരന്നു. കൊല്ലത്തും കിളികൊല്ലൂരും യുദ്ധമുണ്ടായി. നാട്ടുപട്ടാളത്തിനു തോൽവി പറ്റി. അപ്പോഴാണു് മറ്റൊരു സംഭവമുണ്ടായതും. പാലിയത്തച്ചൻ റസിഡണ്ടിനു കീഴടങ്ങി. ദളവാ ഇതുകേട്ടപ്പോൾ പാലിയത്തച്ചനു് ഒരു കത്തെഴുതി. "ഇപ്പോഴത്തെ ആലോചന കൊണ്ടു് മേൽ ദോഷങ്ങളായിട്ടു് അങ്ങു തന്നെ അനുഭവിപ്പാൻ ഇടവരും." എന്നായിരുന്നു കത്തിലെ ഒരു ഭാഗം. അതു ശരിയാവുകയും ചെയ്തു. പാലിയത്തച്ചൻ ബ്രിട്ടീഷുകാരുടെ തടവുകാരനായി തടവിൽകിടന്നു മരിക്കുകയും ചെയ്തു.

കിളികൊല്ലൂരും മറ്റും നാട്ടുകാർക്കു് തോൽവി പിണഞ്ഞതുകേട്ടു് തെക്കൻതിരുവിതാംകൂറിൽ ജനങ്ങൾ ഇളകി. ആരുവാമൊഴിയുംപുറത്തു് വെള്ളപ്പട താവള

മറപ്പിച്ചു. ഈ സംഭവം നാട്ടുകാരെ വല്ലാതെ ഭയപ്പെടുത്തി. ദളവാ തെക്കൻതിരുവിതാംകൂറിലേയ്ക്കു തിരിച്ചു; അദ്ദേഹം നാട്ടുകാരെ സമാധാനിപ്പിച്ചു. അപ്പോഴേക്കും വെള്ളപ്പട ആരുവാമൊഴി കടന്നു. പടയും പടക്കോപ്പുകളും നിറഞ്ഞ ആരുവാമൊഴിക്കോട്ട ബ്രിട്ടീഷുകാർ കയ്യടക്കി. ഇത്രയുമായപ്പോഴേക്കും രാജാവു് പരിഭ്രമിച്ചു. അദ്ദേഹം യുദ്ധം മതിയാക്കാനുറച്ചു. [1]വെള്ളക്കൊടി കാട്ടി കീഴടങ്ങുവാൻ കല്പന കൊടുത്തു് ഒരു ഉദ്യോഗസ്ഥനെ അയച്ചു.

എന്നാൽ ദളവാ അതൊന്നും ക്ഷ്ടാക്കിയില്ല. രാജാവിന്റെ കല്പനപ്രകാരം ഒരിടത്തു വെള്ളക്കൊടി ഉയത്തി. മറുവശത്തു് യുദ്ധം നടന്നു. ഇനി എന്തു്? യുദ്ധമോ സമാധാനമോ?

---

1. വെള്ളക്കൊടി കാണിക്കുന്നതു് കീഴടങ്ങി എന്നതിന്റെ അടയാളമാണു്.

1. സ്വന്തം വാചകങ്ങളിൽ ഉപയോഗിക്കുക.
നിനച്ചിരിയാതെ; ഏറെനാൾ; വീറോടെ; അജയ്യം;
അണിനിരക്കുക.

2. കണ്ടറ വിളംബരത്തിന്റെ പ്രാധാന്യം എന്ത്?

3. വെള്ളപ്പടയും നാട്ടുപട്ടാളവും തമ്മിൽ നടന്ന പോരാട്ട
ങ്ങളം വിവരിക്കുക.

4. പാലിയത്തച്ചന്റെ ധീരത്വംകൊണ്ട് എന്ത സംഭവിച്ചു?

അധ്യായം എട്ട്

പിടികിട്ടേണ്ടും പുള്ളി

ഒടുവിൽ രാജകല്പന നിറവേറി. നാട്ടുപട്ടാളത്തിൽ തന്നെ ഭീരുക്കളുണ്ടായിരുന്നു. അവർ യുദ്ധം മതിയാക്കി. ഉറ്റവരായ ചിലപടയാളികളോടുകൂടി ദളവാ വടക്കോട്ടു തിരിച്ചു. രാത്രി പത്മനാഭപുരത്തെത്തി. ഏറെത്താമസിയാതെ തിരുവനന്തപുരത്തേയ്ക്കു പുറപ്പെട്ടു. അദ്ദേഹം കൊട്ടാരത്തിൽചെന്നു് രാജാവിനെ സന്ദർശിച്ചു. അതു് അവർ തമ്മിലുള്ള അവസാനത്തെ സന്ദർശനമായിരുന്നു രാജാവിന്റെആജ്ഞാവശ്യപ്രകാരം ദളവാ ജോലിയിൽനിന്നും ഒഴിഞ്ഞു. മുദ്രകളും മറ്റും തിരിച്ചേല്പിച്ചു. രാജാവു കീഴടങ്ങിക്കഴിഞ്ഞല്ലോ. എങ്കിലും രാജ്യത്തിനു മേലിൽ നാശം വരുന്ന കരാറുകൾ സമ്മതിക്കരുതെന്നു് വേലുത്തമ്പി അപേക്ഷിച്ചു. വന്ന പിഴയെല്ലാം തമ്പിമൂലമാണെന്നു് പറഞ്ഞു രക്ഷ നേടിക്കൊള്ളുവാൻ രാജാവിനെ ഉപദേശിക്കുകയും ചെയ്തു. വേലുത്തമ്പി [1] അപ്രത്യക്ഷനായി.

---

1. അപ്രത്യക്ഷനാകുക = മറയുക.

വെള്ളപ്പട ഉദയഗിരിക്കോട്ട പിടിച്ചു. പിന്നീട് അവർ തിരുവനന്തപുരത്തേക്കു തിരിച്ചു. രാജാവ് എന്തിനും തയാറായിരുന്നു. ബ്രിട്ടീഷ് പട്ടാളം പാപ്പനംകോട് എന്ന സ്ഥലത്തു പാളയമടിച്ചു. റസിഡണ്ടു രാജാവിനോടു വേലുത്തമ്പിയെ ഉടൻ പിടിച്ചേല്പിക്കണം എന്നാവശ്യപ്പെട്ടു.

വേലുത്തമ്പിയുടെ സ്ഥാനത്തു ഉമ്മിണിത്തമ്പി ദളവാ ആയി. അയാൾ ബ്രിട്ടീഷുകാരുടെ [1] താളത്തിനൊത്തു തുള്ളി. വേലുത്തമ്പിയെ പിടിക്കാൻ രാജകിങ്കരന്മാരെ അയച്ചു. തമ്പിയെ പിടിച്ചുകൊടുക്കുന്നവർക്ക് അമ്പതിനായിരം രൂപാ [2] ഇനാം കൊടുക്കുന്നതാണെന്നു പരസ്യപ്പെടുത്തി. തമ്പിയുടെ ആജ്ഞയനുസരിച്ച് ബ്രിട്ടീഷുകാരോടു യുദ്ധംചെയ്ത പലരേയും രാജാവ് വെള്ളക്കാരെ ഏല്പിച്ചു. അവർ തിരിച്ചുവന്നില്ല. എല്ലാവരുടേയും സ്വത്തു [3] കണ്ടുകെട്ടി. അതും പോരാഞ്ഞിട്ടെന്നവണ്ണം തലയും കൊയ്തു.

---

1. താളത്തിനൊത്തു തുള്ളുക = ഇഷ്ടത്തിനൊത്തു പെരുമാറുക.
2. ഇനാം = ദാനം, സമ്മാനം (ഇതു് അറബിഭാഷയിൽ നിന്നും വന്നിട്ടുള്ള വാക്കാണു്)
3. കണ്ടുകെട്ടുക = സർക്കാരിലേക്കു ചേർക്കുക.

ഖ നാവിലുണ്ടായിരുന്ന പണം മുഴുവൻ ഉമ്മിണിത്തമ്പി ബ്രിട്ടീഷുകാർക്കു കൊടുത്തു. നാട്ടിൽ [1]നാട്ടുകൂട്ടങ്ങളും, [2]കളരികളും അന്നോടെ അസ്തമിച്ചു. ഇങ്ങനെ രാജ്യത്തിന്റെ സമ്പത്തും സ്വാതന്ത്ര്യവും കമ്പനിക്കാർക്ക് [3]അടിയറ വച്ചു ഉമ്മിണിത്തമ്പി രണ്ടു കൊല്ലങ്ങൾക്കു ശേഷം ബ്രിട്ടീഷുകാരുടെ വൈരിയായിത്തീർന്നു. അവർ അയാളെ തൂക്കിക്കൊല്ലാൻ വിധിച്ചു. എങ്കിലും ആ ശിക്ഷ പിന്നീട് നാടുകടത്തലാക്കി കുറവു ചെയ്തു. അയാൾ ബ്രിട്ടീഷുകാരുടെ ജയിലിൽ കിടന്ന് [4]അന്ത്യശ്വാസം വലിച്ചു.

വേലുത്തമ്പിയാകട്ടെ, ആ സമയത്തും ജനിച്ച നാടിനെ സ്നേഹിച്ചിരുന്നു. രാജാവ് ശത്രുപക്ഷം ചേർന്നിട്ടും ആ ദേശാഭിമാനി കർത്തവ്യവും സത്യനിഷ്ഠയും വെടിഞ്ഞില്ല. വേലുത്തമ്പി വടക്കോട്ടു യാത്രചെയ്ത അവസരത്തിൽ, സർക്കാർ വക എൺപതിനായിരം പണം അദ്ദേഹത്തിന്റെ കയ്യിൽ വന്നുചേർന്നു. അതിൽ

---

1. നാട്ടുകൂട്ടം = കരയോഗം
2. കളരി = യുദ്ധമുറകൾ പരിശീലിപ്പിക്കുന്ന സ്ഥലം.
3. അടിയറവയ്ക്കുക = കാഴ്ചവയ്ക്കുക.
4. അന്ത്യശ്വാസം വലിക്കുക = മരിക്കുക.

ഒരു ചില്ലിക്കാശു കൂറയാതെ ഖജനാവിൽ ഏല്പിക്കുവാൻ അദ്ദേഹം ഏർപ്പാടുചെയ്തു.

രാജ്യാഭിമാനിയായ വേലുത്തമ്പിയെവിടെ? രാജ്യദ്രോഹിയായ ഉമ്മിണിത്തമ്പിയെവിടെ? വേലുത്തമ്പിയുടെ സ്വാതന്ത്ര്യബോധം അദ്ദേഹത്തിനു ജീവനാശം വരുത്തിയ [1] ദുരന്തകഥ ഇതാ കേട്ടോളൂ. നാടെല്ലാം നടന്നു രാജദൂതന്മാർ വേലുത്തമ്പിയെ തേടി. ഒരു ദിക്കിലുണ്ടെന്നു കേട്ട് അങ്ങോട്ടു തിരിക്കും; അവിടെയില്ല. വീണ്ടും മറെറാരിടത്തേയ്ക്കു തിരിക്കും. അവിടെയുമില്ല. വേലുത്തമ്പി ഏതു പാതാളത്തിൽ ഒളിച്ചു? അദ്ദേഹത്തെ ഈ വേട്ടനായ്ക്കൾ പിടിക്കുമോ?

---

1. സ്വന്തം വാചകത്തിൽ ഉപയോഗിക്കുക.

   താളത്തിനൊത്തു തുള്ളുക; ഇനാം; അടിയറവയ്ക്കുക
   അന്ത്യശ്വാസം വലിക്കുക; ദുരന്തകഥ.

2. ഉമ്മിണിത്തമ്പിയുടെ വിക്രിയകൾ ഏതെല്ലാം? അയാളുടെ അവസാനം എങ്ങനെ?

3. വേലുത്തമ്പിയുടെ രാജ്യസ്നേഹവും, രാജഭക്തിയും ഉദാഹരണസഹിതം വിവരിക്കുക.

---

1. ദുരന്തകഥ = അന്ത്യത്തിൽ അവസാനിക്കുന്ന കഥ.

അധ്യായം ഒൻപതു്

മനക്കോട്ട തകരുന്നു

ശത്രുക്കൾ പിൻതുടർന്നുകൊണ്ടിരുന്നപ്പോഴും വേലുത്തമ്പി നാട്ടുകാരെ ചേർത്തു് പട കൂട്ടാൻ ശ്രമിക്കുകയായിരുന്നു. അവസാനം വരെ എതിർക്കുക എന്നായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം. അതിനുവേണ്ടി തന്റെ കൂടെയുണ്ടായിരുന്ന വിശ്വസ്തന്മാരെ ഓരോ ദിക്കിലേയ്ക്കു് അയച്ചുകൊണ്ടിരുന്നു. എന്നാൽ അതുകൊണ്ടൊരു ഫലവും ഉണ്ടായില്ല. രാജാവു് വിദേശികളുടെ കളിപ്പാവയായി. രാജ്യത്തെ രക്ഷിക്കുവാൻ വാളെടുത്തവർ ശത്രുവിന്റെ വാളിനും പീരങ്കിയുണ്ടയ്ക്കും ഇരയായി. ഇതെല്ലാംകൊണ്ടു് നാട്ടുകാർ ഭയപ്പെട്ടു. വേലുത്തമ്പിയുടെ മനോവീര്യം എല്ലാവർക്കും ഉണ്ടായി എന്നു വരില്ലല്ലോ.

എതിരാളികൾക്കു പിടികൊടുക്കാതെ കാട്ടും മേടും താണ്ടി വേലുത്തമ്പി സഞ്ചരിച്ചിരുന്നു. അന്നൊരിക്കൽ അദ്ദേഹം കിളിമാന്നൂർ കൊട്ടാരത്തിൽ ചെന്നു. വേലുത്തമ്പിയുടെ ജീവിതകാലത്തിനു മുമ്പു് ബ്രിട്ടീഷുകാരോടൊതിർത്തു് വീരചരമം പ്രാപിച്ച ഒരാളെപ്പറ്റി

നീങ്ങാം കേട്ടിരിക്കും. പഴശ്ശിരാജാ എന്നാണ് അദ്ദേഹത്തിന്റെ പേര്. പഴശ്ശി രാജാവിന്റെ ഉപദേഷ്ടാവായിരുന്ന ഒരു നമ്പൂതിരി കിളിമാനൂർ കൊട്ടാരത്തിൽ ഒരു തമ്പുരാട്ടിയെ വിവാഹം ചെയ്യ പാത്തിരുന്നു. അദ്ദേഹത്തെ കണ്ട് ചില ആലോചനകൾ നടത്തുവാനായിരുന്നു വേലുത്തമ്പി കിളിമാനൂർ ചെന്നത്.

വേലുത്തമ്പി അന്നുരാത്രി കിളിമാനൂർ കൊട്ടാരത്തിൽ കഴിച്ചുകൂട്ടി. അദ്ദേഹത്തിന്റെ അനുജൻ പത്മനാഭത്തമ്പി ജ്യേഷ്ഠനെ എപ്പോഴും [1] അനുഗമിച്ചിരുന്നു. വേലുത്തമ്പിയെ കൊട്ടാരത്തിലുള്ളവർ ഉചിതമായി സൽക്കരിച്ചു. ആ പിടികിട്ടേണ്ടും പുള്ളിയോട് അവർ മാന്യമായി പെരുമാറി. ആ [2] മൈത്രിയുടെ സ്മരണയ്ക്ക് അദ്ദേഹം കൊട്ടാരത്തിലേയ്ക്ക് തന്റെ വാൾ സമ്മാനിച്ചു. അത് ഇപ്പോഴും സൂക്ഷിച്ചിട്ടുണ്ട്.

നേരം പുലർന്നപ്പോൾ തമ്പി കൊട്ടാരത്തിൽനിന്നും യാത്രയായി. മല്ലൻപിള്ള എന്നൊരു നാട്ടുകാരനായ ഉദ്യോഗസ്ഥൻ ബ്രിട്ടീഷ് സേനയുമൊരുമിച്ച് ആ വഴിക്കു പുറപ്പെട്ടിട്ടുണ്ടെന്നു കേട്ടു. അവസാനമുഹൂർത്തം അടുത്തടുത്തുവരുന്നു. കുന്നത്തൂർ താലൂക്കിൽ മണ്ണടി

---

1. അനുഗമിച്ചു = പിന്തുടർന്നു.
2. മൈത്രി = സ്നേഹം.

എന്ന സ്ഥലത്ത് ഒരു ഭഗവതിക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിനു സമീപമുള്ള ഒരു മഠത്തിൽ വേലുത്തമ്പിയും അനുജനും ചെന്നു കയറി.

ഇനി എന്തു ചെയ്യും? രാജ്യത്തെ രക്ഷിക്കാൻ തമ്പി കെട്ടിപ്പൊക്കിയ [1] മനക്കോട്ടകളെല്ലാം തകർന്നു. ശത്രുക്കൾക്കു കീഴടങ്ങുകയോ? അതു വിചാരിക്കാൻ പോലും വയ്യ. മറുനാട്ടിലേയ്ക്കു കടന്നുകളഞ്ഞാലോ? അതു ഭീരുത്വമാണ്. ഈ അപമാനത്തിൽ നിന്നു രക്ഷനേടാൻ ഒരേ ഒരു വഴിയുണ്ട്. ജീവനെപ്പോലെ സ്നേഹിച്ച മാതൃഭൂമി അന്യാധീനമാകുന്നതു കാണാതെ കഴിക്കാം. വേണ്ടിവന്നാൽ അങ്ങനെ ചെയ്യുക എന്നു തമ്പി മനസ്സുകൊണ്ടുറച്ചു.

സ്വന്തം വാക്യങ്ങളിൽ ഉപയോഗിക്കുക :—

1. കളിപ്പാവയാകുക ; വീരചരമം പ്രാപിക്കുക ; പിടികിട്ടാപ്പുള്ളി ; മൈത്രി ; അന്യാധീനമാകുക.
2. വേലുത്തമ്പി കിളിമാനൂർ സന്ദർശിച്ചതു് എന്തിനു് ?
3. അവധാനമൂഹത്തം അട്ടത്തു എന്ന മനസ്സിലാക്കിയപ്പോൾ അദ്ദേഹത്തിന്റെ മനോഗതം എന്തായിരുന്നു ?

---

1. മനക്കോട്ട = മനോരാജ്യം ; മനസ്സുകൊണ്ടു സങ്കല്പിച്ചതു
2. അന്യാധീനമാകുക = മറ്റുള്ളവരുടെ വകയായിത്തീരുക.

GOVERNMENT HIGH & TRAINING SCHOOL
KOTTAYAM.
KERALA STATE.

അധ്യായം പത്ത്

മറക്കാനാവാത്ത ദിവസം

തൊള്ളായിരത്തെൺപത്തിനാലു് മീനം പതിനഞ്ചു്! കേരളീയക്കു്, എന്നല്ല, ഭാരതീയക്കു് മറക്കാനാവാത്ത ദിവസമാണതു്.

അന്നു് സൂര്യൻ ഉദിച്ചു. മണ്ണടിക്ഷേത്രത്തിനു സമീപം ബഹളം കേട്ടുതുടങ്ങി. വെള്ളപ്പട പാഞ്ഞടുക്കുകയാണു്. വേലുത്തമ്പി പാർത്തിരുന്ന വീട്ടിലേയ്ക്കു് അവർ ! ജയാരവത്തോടെ ചെന്നു കയറുന്നു. ചിലർ വീടു വളഞ്ഞു. ചിലർ അകത്തേയ്ക്കു് ഓടിക്കയറി. കതകുകൾ ബന്ധിച്ചിരുന്ന പട്ടാളക്കാർ കതകു തള്ളിത്തുറക്കാൻ ശ്രമിച്ചു. കുറേപ്പേർ ആ വീട്ടിന്റെ ഓല പൊളിച്ചു് തട്ടിൻപുറത്തിറങ്ങി ഉള്ളിൽ കടക്കാൻ ഒരുമ്പെട്ടു.

വേലുത്തമ്പിയും അനുജൻ പത്മനാഭൻതമ്പിയും പുരയ്ക്കകത്തുണ്ടു്.

---

1. ജയാരവം = ജയശബ്ദം (ആരവം = ശബ്ദം)

ഒന്നും ആലോചിക്കാനില്ല. ചുറവുപാട്ടം ശത്രുക്കൾ! വേലുത്തമ്പി അനുജനോട്ട പറഞ്ഞു:—

വേലുത്തമ്പി:— [1] ആണ്ടവനും വേണ്ടവനും വേണ്ടാത്ത ഇവന്റെ തല വീശിക്കള തമ്പീ.

പത്മനാഭൻ തമ്പി:—അയ്യോ, അണ്ണാ, ഈ കൈയ്യ് അതിനു കരുത്തില്ല.

വേലുത്തമ്പി:—എടാ, നിന്റെ അണ്ണൻ ആ വെള്ള പ്പറയന്മാരുടെ കൈക്കുട്ടിലാകുമുമ്പ്—

ബഹളം വർദ്ധിച്ചുതുടങ്ങി. കതകു ചവിട്ടിപ്പൊളിക്കുമെന്നായി.

വേലുത്തമ്പി.—നിന്റെ ആ വാളുകൊണ്ട് എന്റെ ഉയിരെടുത്തുകള തമ്പീ. നിന്റെ അണ്ണൻ മാനമായി മരിക്കട്ടെ. ഉം, വെട്ട്.

പത്മനാഭൻതമ്പി —അയ്യോ, അണ്ണാ!

വേലുത്തമ്പി.—എന്തെടാ? വെട്ടാൻ പറഞ്ഞാൽ—

പത്മനാഭൻതമ്പി.—ഞാൻ ചെയ്യുല്ലണ്ണാ, ചെയ്യുല്ല.

---

1. ആണ്ടവൻ = ഈശ്വരൻ; വേണ്ടവൻ = ബന്ധു.

ഒരു നിമിഷം. വേലുത്തമ്പി സ്വന്തം കഠാരി നെഞ്ചിൽ കുത്തിയിറക്കി. അദ്ദേഹം തറയിൽ കിടന്ന പിടച്ചു. പ്രാണൻ പോകുന്നില്ല. അതു കണ്ടുനിന്ന അനുജൻ പെട്ടെന്നു് ജ്യേഷ്ഠന്റെ ശിരസ്സു് വാൾകൊണ്ടു വെട്ടി വേർപെടുത്തി. വേലുത്തമ്പിയുടെ [1] ചുട്ടനിണം പുരണ്ട ആ തളം [2] ധന്യമായി!

പട്ടാളക്കാർ അകത്തു കയറി. ജ്യേഷ്ഠന്റെ രക്തം പുരണ്ടവാൾ കൈയിലേന്തിക്കൊണ്ടു് പത്മനാഭൻ തമ്പി നിൽക്കുന്നു. അവർ അദ്ദേഹത്തെ ബന്ധിച്ചു. വേലുത്തമ്പിയുടെ മൃതശരീരം കട്ടിലിലിട്ടു് തിരുവനന്തപുരത്തേയ്ക്കു കൊണ്ടുപോയി.

തമ്പിയെ ജീവനോടെ പിടികിട്ടാത്തതിൽ റസിഡണ്ടു് കുണ്ഠിതപ്പെട്ടു. എങ്കിലും ആ മൃതശരീരത്തോടു് അയാൾ പക വീട്ടി.

തമ്പിയുടെ നഗ്നമായ ശരീരം തെരുവുനീളെ കൊണ്ടു നടന്നു. ഒടുവിൽ കണ്ണമ്മൂലയിലുള്ള കഴുകിൽ കെട്ടിത്തൂക്കി. ആ ശരീരം അഴുകിത്തുടങ്ങിയപ്പോൾ എങ്ങോ മറവുചെയ്തു.

---

1. ചുട്ടനിണം = ചുട്ടചോര
2. ധന്യമായി = ശ്രേഷ്ഠമായി.

പത്മനാഭൻതമ്പിയെ അനേകം പട്ടാളക്കാർ കാൺകെ കൊല്ലത്തുവച്ചു തൂക്കിക്കൊന്നു. വേലുത്തമ്പിയുടെ ഭവനം ആനയെക്കൊണ്ടു ചവിട്ടിച്ചു [1] നിലംപരിചാക്കി അദ്ദേഹത്തിന്റെ ബന്ധുക്കളെ നാട്ടു കടത്തി. ഇത്രയുമായപ്പോൾ റസിഡണ്ടിനു് തൃപ്തിയായി.

വേലുത്തമ്പി ദളവാ എന്ന നാമം ഇന്ത്യയുടെ ചരിത്രമുള്ള കാലമത്രയും നില നിൽക്കുന്നതാണു്. നേതാജി സുഭാഷ്ചന്ദ്രബോസ് ഒരിക്കൽ വേലുത്തമ്പിയുടെ വീരകൃത്യത്തെ പുകഴ്ത്തിയിട്ടുണ്ടു്.

അടിമയായി ജീവിക്കുന്നതു് അവമാനമാണു്. മാനം രക്ഷിക്കാനും സ്വാതന്ത്ര്യം നേടാനും ജീവനെപ്പോലും വകവയ്ക്കാതെ പരിശ്രമിക്കണം. ആ പരിശ്രമത്തിൽ ആപത്തുകൾ പലതും നേരിട്ടേക്കാം. ജീവധനാദികൾ ബലി കഴിക്കേണ്ടി വന്നേക്കാം. എങ്കിലും അതു ലജ്ജാകരമായ ജീവിതത്തേക്കാൾ എത്രയോ മെച്ചമാണു്. ഈ തത്വത്തിനു് ഒരു നല്ല ഉദാഹരണമാണു് വേലുത്തമ്പിയുടെ വീരചരിതം.

---

1. നിലംപരിചാക്കുക = നിലത്തോടു സമമാക്കുക; തറ നിരപ്പാക്കുക.

[1] "സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയെക്കാൾ ഭയാനകം"

GOVERNMENT PROGRAMME ROTTAYAM. KERALA STATE

1. സ്വന്തം വാചകങ്ങളിൽ ഉപയോഗിക്കുക.
ജയാരവം; ധന്യൻ; നിലംപരിചാക്കുക; ബലി കഴിക്കുക.

2. വേലുത്തമ്പിയുടെ ജീവിതാവസാനം എങ്ങനെ?

3. വേലുത്തമ്പിയുടെ വീര ചരിതത്തിൽ നിന്ന് നിങ്ങൾ പഠിക്കുന്ന ഗുണപാഠമെന്തു ?

---

1. ഈ മഹാ കവി കുമാരനാശാൻ രചിച്ചതാണ്. പാരതന്ത്ര്യം=അടിമത്തം മാനികൾ=മാനമുള്ളവർ മൃതി=മരണം. ഭയാനകം= ഭയങ്കരം

അമൃതം =ജരയും നരയും ബാധിക്കാതിരിക്കുവാൻ ദേവന്മാർക്കു പാലാഴിയിൽ നിന്നു ലഭിച്ച ഔഷധം.

809.

അഭിപ്രായങ്ങൾ

"ബാലഹൃദയങ്ങളിൽ സഹജമായ അത്ഭുതവും ജിജ്ഞാസയും വളർത്തി, അവരുടെ വിജ്ഞാനസംസ്കാരങ്ങളെ വികസിപ്പിച്ചു കൊണ്ടുവരുവാൻ പര്യാപ്തമായ രീതിയിലും ഭാഷയിലും രചിച്ചിട്ടുള്ള ഈ ഗ്രന്ഥങ്ങൾ നമ്മുടെ സാഹിത്യത്തിന്റെ അനർഘമായ സമ്പത്താണ്."

മഹാകവി, ജി. ശങ്കരക്കുറുപ്പ്.

* * * * *

"വളർന്നുവരുന്ന പൗരന്മാർ അവശ്യം അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ച് ലളിതവും സുഗമവുമായ ശൈലിയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥപരമ്പര അധ്യാപകന്മാർക്കും അധ്യേതാക്കൾക്കും ഒരുപോലെ അനുഗ്രഹമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു."

എൻ. ഗോപാലപിള്ള എം. എ.
പ്രിൻസിപ്പൽ, രാജകീയ സംസ്കൃതകോളേജ്,
തിരുവനന്തപുരം.

* * * * *

"ഈ ഗ്രന്ഥങ്ങളുടെ രചനയിൽ, ഓരോ ഘട്ടത്തിലുമുള്ള വിദ്യാർത്ഥികളുടെ മനോവികാസം, താല്പര്യങ്ങൾ, ഭാഷാസ്വാധീനത മുതലായവയെല്ലാം ഔചിത്യപൂർവം പരിഗണിച്ചിട്ടുണ്ടെന്നു കണ്ടപ്പോൾ എനിക്കു വലിയ സന്തോഷം തോന്നി. ഭാഷയുടെ ശ്രേണീകരണത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള ഉചിതജ്ഞത പ്രശംസാർഹം തന്നെ. ബാലസാഹിത്യഗ്രന്ഥങ്ങൾ രചിക്കുന്ന ഗ്രന്ഥകാരന്മാർ നിങ്ങളെ അനുകരിച്ചെങ്കിൽ!"

എം. രാമകൃഷ്ണൻനായർ എം. എ. എൽ. റ്റി.
മലയാളവകുപ്പധ്യക്ഷൻ, ട്രെയിനിംഗ് കോളേജ്,
തിരുവനന്തപുരം.